"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബജറ്റ് പ്രവൃത്തി - 2025-26- ' മലപ്പുറം ഏറനാട് നിയമസഭാ മണ്ഡലത്തിലെ അരിക്കോട്, ചാലിയാർ, എടവണ്ണ, കാവനൂർ, കീഴുപറമ്പ് എന്നീ 5 പഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.317/2026/LSGD തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2025-ലെ LSGD/PD/33308/2025-EW1-നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുബന്ധം II, - വാല്യം -II, ക്രമ. നമ്പർ 228 ആയി 3 കോടി രൂപയും അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിയ്ക്കുന്നതുമായ മലപ്പുറം ജില്ലയിലെ ' ഏറനാട് മണ്ഡലത്തിലെ അരിക്കോട്, ചാലിയാർ, എടവണ്ണ, കാവനൂർ, കീഴുപറമ്പ് എന്നീ 5 പഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 3 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ ടി പഞ്ചായത്തുകളിലെ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശിത കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ ന. | പഞ്ചായത്ത് | പ്രവൃത്തി | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അരിക്കോട് | 1. കൊഴക്കോട്ടൂർ അമ്പാഴത്തിങ്ങൽ റോഡ്,<br>2. കാരിപറമ്പ് മാങ്കടവ് റോഡ് | 25 |
| 2 | ചാലിയാർ | 1. മൈലാടി എസ്.സി. കോളനി റോഡ്,<br>2. എളമ്പിലാക്കോട് വൈലാശ്ശേരി റോഡ്,<br>3. മുട്ടിയേൽ ചെമ്പൻ കൊല്ലി റോഡ്,<br>4. അളക്കൽ വിജയപുരം റോഡ്, | 40 |
| 3 | എടവണ്ണ | 1. പിലാക്കുന്ന് ഫുട്പാത്ത്,<br>2. പോത്തുവെട്ടി പെരുംകുളം റോഡ്,<br>3. ആര്യന്തൊടിക മാന്തോട് മുതലക്കൽ റോഡ്,<br>4. കമാനം മുത്തളം റോഡ്,<br>5. ഒതായി പടിഞ്ഞാറേതല റോഡ്,<br>6. പത്തപ്പിരിയം അയിന്തൂർ റോഡ് | 85 |

| | | | |
|---|---|---|---|
| | | | |
| 4 | കാവനൂർ | 1. കണ്ടൻകുളം മേപ്രപ്പാട് റോഡ്.<br>2. എളയൂർ പൊന്നാഞ്ചിറ കുളം പാറമ്മൽ ടിപ്പുസുൽത്താൻ റോഡ്,<br>3. മൂലകടവത്ത് അംഗനവാടി റോഡ്,<br>4. നടുവക്കാട് ആലിൻതറ റോഡ്,<br>5. എളയൂർ സ്രാഞ്ചിക്കൈ റോഡ്,<br>6. കുഴിമുള്ളി പന്നിയൻ കുന്ന് റോഡ്,<br>7. പടിയേങ്ങൽ പുളിങ്ങോട്ടുപുറം റോഡ് | 80 |
| 5 | കീഴുപറമ്പ് | 1. എൽ. പി സ്കൂൾ ഹൈസ്കൂൾ റോഡ്.<br>2. പടിയാർകുളം ഹൈസ്കൂൾ റോഡ്,<br>3. അൻവാർ നഗർ ഹൈസ്കൂൾ റോഡ്,<br>4. ആല്ലുംകണ്ടി പിച്ചമണ്ണിൽ റോഡ്,<br>5. സെൻട്രൽ ബസാർ ഹൈസ്കൂൾ റോഡ് | 70 |
| | | ആകെ | 300 |

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 228 ആയി 3 കോടി രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ മലപ്പുറം ജില്ലയിലെ ഏറനാട് നിയമസഭാ മണ്ഡലത്തിലെ മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് C.T.E.-യുടെ ചുവടെ പറയുന്ന Remarks-ന് വിധേയമായി, ടി പട്ടികയിൽ പരാമർശിച്ചിരിക്കുന്ന **അടങ്കൽ തുകക്ക്, ഭരണാനുമതി നൽകിയും**, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **"4515-00-800-92(NP)"** എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷൻ ആയി അനുവദിച്ചിട്ടുള്ളതിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## Remarks

1. Scarification of the existing bituminous layer or dismantling of flexible pavement shall be adopted only in severely damaged reaches and for gradient correction works. The scarified or dismantled pavement materials shall be reused with proper compaction;
2. The T.S. authority shall ensure that provisions for shoulder concrete, berm concrete, Irish drain, etc., are allowed only as shoulder protection in gradient and curve portions, and restricting to a maximum of 50 CM;
3. The T.S. authority shall confirm working chainages and ensure the work is not proposed within defect liability periods or overlapping

sanctioned reaches, avoiding duplication of works or proposals under different schemes for the same stretch;

4. The T.S. authority shall ensure admissibility of the observed data as well as proper accounting and reuse or disposal of dismantled materials and excavated earth through reuse or auction as per Government rules, without loss to the public exchequer.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്. (E:3367337/DEV-3/348/2025-Fin dated 29.01.2026) (AS/LGD/25/48463)
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7. കരുതൽ ഫയൽ. (DB2/858/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-02-2026 14:46:58

സെക്ഷൻ ഓഫീസർ